(ബി) ഉണ്ട്.

(സി) അന്വേഷണം പുരോഗമിച്ചു വരുന്നു. അന്വേഷണത്തിന്റെ ഭാഗമായി ധാരാളം രേഖകൾ കണ്ടെത്തി പരിശോധിക്കേണ്ടതിനാലും ധാരാളം സാക്ഷികളെ ചോദ്യം ചെയ്യേണ്ടതിനാലുമാണ് അന്വേഷണം പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്.

ഇപ്രാവശ്യത്തെ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ റാങ്ക് കിട്ടിയവർ

151 (3712) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. കെ. മണി :
ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്രാവശ്യത്തെ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ റാങ്ക് കിട്ടിയവരിൽ പ്രസ്തുത പരീക്ഷയ്ക്ക് രണ്ടാം പ്രാവശ്യവും നാലാം പ്രാവശ്യവും എഴുതിയ എത്രപേർ വീതമുണ്ടായിരുന്നു ;

(ബി) ബി.എസ്.സി., എം.എസ്.സി. എന്നീ കോഴ്സുകൾ പാസ്സായവരോ അതിന് പഠിക്കുന്നവരോ ആയ എത്ര പേരുണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2003-ലെ മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ രണ്ടാം പ്രാവശ്യം എഴുതിയവരുടെ എണ്ണം 7119-ഉം നാലാം പ്രാവശ്യം എഴുതിയവരുടെ എണ്ണം 391-ഉം ആകുന്നു.

(ബി) ബി.എസ്.സി. കോഴ്സ് പഠിച്ച 217 പേർ 2003-ലെ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. എം.എസ്.സി.-ക്കാരുടെ വിവരം ശേഖരിക്കാറില്ല.

മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് റാങ്ക് ലഭിച്ചവർ പഠിച്ച സ്കൂളുകൾ

152 (3713) ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്രാവശ്യത്തെ എൻട്രൻസ് പരീക്ഷയിൽ മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകളിലേക്ക് റാങ്ക് ലഭിച്ചവരിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ എന്നീ നഗരങ്ങളിലെ സ്കൂളുകളിൽ പഠിച്ചവർ എത്ര പേരുണ്ടായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly